# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1495 — 03.10.2011-ൽ മറുപടിക്ക്

## സ് റ്റേറ്റ് സിവിൽ സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ. | | ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി. | |
| (എ) | ഭരണ പരിഷ്കാരത്തിൻെറ ഭാഗമായി സ് റ്റേറ്റ് സിവിൽ സർവ്വീസ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | സ്റ്റേറ്റ് സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനു മുൻപ് സംസ്ഥാനത്തുനിന്നുള്ള ഐ.എ.എസ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻെറ മാനദണ്ഡത്തിൽ മാറ്റം വരുത്തുവാൻ കാരണമെന്ത് ; | (ബി) | ഐ.എ.എസ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് സംസ്ഥാന സിവിൽ സർവീസിൽ ഉൾപ്പെടുത്തി റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർമാരെ മാത്രമാണ് പരിഗണിക്കുന്നത്. വരുംവർഷങ്ങളിൽ പ്രൊമോഷന് യോഗ്യരായ ഡെപ്യൂട്ടി കളക്ടർമാരുടെ ക്ഷാമം അനുഭവപ്പെടുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ് തസ്തികയിലേയ്ക്ക് പ്രൊമോഷൻവഴിയുള്ള നിയമനത്തിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയോടൊപ്പം അഡ്മിനിസ് ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളിൽ എട്ട് വർഷം സർവ്വീസുള്ളവരെ സ്റ്റേറ്റ് സിവിൽ സർവിസിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശുപാർശ കേന്ദ്ര സർക്കാരിൻെറ പേഴ്സണൽ ആൻറ് ട്രെയിനിംഗ് മന്ത്രാലയത്തിൻെറ പരിഗണനയിലാണ്. |

(സി) അര നൂറ്റാണ്ടിലധികമായി നിലവിലുള്ള ഒരു സംവിധാനത്തിന് മാറ്റം വരുത്തുന്നതിന് മുൻപ് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നുവോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പഠനം നടത്തുകയുണ്ടായോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് ; പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിൻെറ മിനിറ്റ്സും റിപ്പോർട്ടിൻെറ പകർപ്പും ലഭ്യമാക്കാമോ ?

(സി), (ഡി) & (ഇ)

ഇല്ല. സർക്കാരിൻെറ നയപരമായ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളെ കൂടി പ്രൊമോഷൻവഴി ഐ.എ.എസ്സിലേക്ക് നിയമിക്കുന്നതിനാവശ്യമായ ശുപാർശ കേന്ദ്ര മന്ത്രാലയത്തിന് നൽകിയത്.

സെക്ഷൻ ഓഫീസർ.